**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1700** **08-10-2021 - ൽ മറുപടിയ്ക്ക്**

**അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും മറ്റുമുള്ള ഗ്രാന്റിന്റെ കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ അനാഥാലയങ്ങൾക്കും വൃദ്ധസദനങ്ങൾക്കും ഇത്തരത്തിലെ മറ്റ് സ്ഥാപനങ്ങൾക്കും ദീർഘകാലമായി ഗ്രാന്റ് കുടിശ്ശികയുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഇവയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്നുള്ള ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; | (എ) | (എ) ഉണ്ട്. ഗ്രാന്റ് കുടിശ്ശിക കിട്ടാത്തതുമൂലം ഇവരുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇത്തരം സ്ഥാപനങ്ങളുടെ ഗ്രാന്റ് എന്നുമുതലാണ് കുടിശ്ശികയായിട്ടുള്ളത്; പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് അനാഥാലയങ്ങൾക്ക് നൽകാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | (ബി) വൃദ്ധസദനങ്ങൾ, യാചകഭവനങ്ങൾ, പി.എച്ച് ഹോം, അനാഥാലയങ്ങൾ എന്നിവയ്ക്ക് കഴിഞ്ഞ 2 വർഷത്തെ ഗ്രാന്റാണ് കുടിശ്ശികയുള്ളത്. ഓൾഡ് ഏജ് ഹോം - 5,96,61,877 ബെഗ്ഗർ ഹോം - 57,19,757 പി.എച്ച് ഹോം(വികലാംഗ സദനങ്ങൾ) - 2,42,53,398 അനാഥാലയങ്ങൾ - 9,04,813 |
| (സി) | സർക്കാർ ഗ്രാന്റ് ലഭിക്കുന്ന എത്ര അനാഥാലയങ്ങളും വൃദ്ധസദനങ്ങളും ഇത്തരം മറ്റ് സ്ഥാപനങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; പ്രസ്തുത സ്ഥാപനങ്ങളിൽ ഏകദേശം എത്ര അന്തേവാസികൾ ഉള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ട്; വെളിപ്പെടുത്തുമോ; | (സി) | (സി) സ്ഥാപനങ്ങളുടെ എണ്ണം താമസക്കാരുടെ എണ്ണം അനാഥാലയം (കുട്ടികളുടെ ക്ഷേമ സ്ഥാപനം - 348) - 13,266 വൃദ്ധസദനങ്ങൾ - 199 - 8470 പി.എച്ച്.ഹോം - 34 - 1410 ബെഗ്ഗർ ഹോംസ് - 6 - 730 |
| (ഡി) | ഏറ്റവും പരിഗണന അർഹിക്കുന്ന വിഭാഗം എന്നത് കണക്കിലെടുത്ത് സമയബന്ധിതമായും കുടിശ്ശികയില്ലാതെയും ഇത്തരം സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിതരണം ചെയ്യുന്നതിന് പ്രത്യേക ശ്രദ്ധ നൽകുമോ; വിശദമാക്കാമോ? | (ഡി) | (ഡി) ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്. ക്ഷേമസ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്നതിനായി 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ നിന്ന് ഗ്രാന്റ് കുടിശ്ശികയിനത്തിൽ തുക നൽകുവാൻ ജില്ലാ സാമൂഹ്യനീതി ആഫീസർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. വിഭാഗം അനുവദിച്ച തുക വൃദ്ധസദനങ്ങൾ - 57649335 ബെഗ്ഗർ ഹോം - 3624000 പി.എച്ച് ഹോം - 7538243 അനാഥാലയങ്ങൾ - 1904813 |

സെക്ഷൻ ഓഫീസർ